**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് - തൃശ്ശൂർ ജില്ല — 2005-06 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2(3), 2010-11 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 3.5, 2008-09 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 3.3.1, 3.3.2, 2007-08 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 3.9 - ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ (സാധാ) നം.3650/തസ്വഭവ. തിരുവനന്തപുരം, തീയതി: 5/12/2015

പരാമർശം:-

1) പഞ്ചായത്ത് ഡയറക്ടറുടെ 24/12/2014-ലെ എം3-47576/14 നമ്പർ കത്ത്.
2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ09/09/205-ലെ LF.3503/P.T2/15 നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2(3) പ്രകാരം 10-ാം ക്ലാസ്സ് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി ചിലവഴിച്ച 30,000/-രൂപ, 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം സമഗ്ര കേര കൃഷി വികസനം എന്ന പദ്ധതി പ്രകാരം സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വളം, യന്ത്രം എന്നിവയ്ക്ക് സബ്സിഡിയായി അനുവദിച്ച 4,66,721/- രൂപ, ഖണ്ഡിക 3.2 പ്രകാരം സമഗ്ര കേര കൃഷി വികസനം എന്ന പ്രോജക്ട് പ്രകാരം കർഷകർക്ക് വളം വിതരണം നടത്തിയതിന് പെരിഞ്ഞനം കോ-ഓപ്പറേറ്റീവ് ബാങ്കിന് അനുവദിച്ച 5,00,000/- രൂപ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3.1 പ്രകാരം സമഗ്ര കേരകൃഷി വികസനം എന്ന പദ്ധതി പ്രകാരം വളം വിതരണം നടത്തുന്നതിന് ചിലവഴിച്ച 4,66,986/- രൂപ, 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3.2 പ്രകാരം 10-ാംക്ലാസ്സ് വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തൽ പദ്ധതിയ്ക്കായി ചിലവഴിച്ച 36,000/-രൂപ, 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.9 പ്രകാരം അനുവദിച്ച 35,000/- രൂപ എന്നീ ചിലവുകൾക്ക് സർക്കാർ സാ സർക്ക്ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയും ഭരണസമിതി തീരുമാനവും ആഡിറ്റ് പരാമർശത്തിന്റെ പകർപ്പും ഓഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനവും സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാലാണ് പ്രസ്തുത

തുക തടസ്സപ്പെടുത്തിയത്. ആയതിനാൽ പ്രസ്തുത ചെലവിനു സാധൂകരണം നൽകേണ്ട വിഷയത്തിലും തുക ക്രമീകരിക്കുന്ന വിഷയത്തിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രാകരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ തടസ്സങ്ങൾ സാങ്കേതികമാണെന്നതിനാലും 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2(3) പ്രകാരം ചിലവഴിച്ച 30,000/-രൂപ, (മുപ്പതിനായിരം രൂപ മാത്രം), ഖണ്ഡിക 3.5 പ്രകാരം ചിലവഴിച്ച 4,66,721/- (നാല് ലക്ഷത്തി അറുപത്തിയാറാത്തി എഴുനൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) രൂപ, ഖണ്ഡിക 3.2 പ്രകാരം അനുവദിച്ച 5,00,000/-(അഞ്ച് ലക്ഷം രൂപ മാത്രം) രൂപ, ഖണ്ഡിക 3.3.1 പ്രകാരം ചിലവഴിച്ച 4,66,986/- (നാല് ലക്ഷത്തി അറുപത്തിയാറായിരത്തി തൊള്ളായിരത്തി എൺപത്തിയാറ് രൂപ മാത്രം) രൂപ, ഖണ്ഡിക 3.3.2 പ്രകാരം ചിലവഴിച്ച 36,000/- (മുപ്പത്തിയാറായിരം രൂപ മാത്രം) രൂപ,ഖണ്ഡിക 3.9 പ്രകാരം അനുവദിച്ച 35,000/-(മുപ്പത്തി അഞ്ചായിരം രൂപ മാത്രം) എന്നീ ചിലവുകൾക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ടി. വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ